## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4447

26.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

### നെടുമങ്ങാട് താലൂക്കിൽ പാറഖനനത്തിനായി പാട്ടത്തിന് നൽകിയ ഭൂമി

ചോദ്യം

ശ്രീ.പാലോട് രവി :

ഉത്തരം

ശ്രീ. അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെടുമങ്ങാട് താലൂക്കിൽ എത്ര സർക്കാർ വക സ്ഥലമാണ് ഇപ്പോൾ പാറ ഖനനത്തിനായി പാട്ടത്തിന് കൊടുത്തിട്ടുള്ളത് ; ആർക്കെല്ലാം, എന്നു മുതൽ, എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | നെടുമങ്ങാട് താലൂക്കിൽ സർക്കാർ പാറ പുറമ്പോക്ക് സ്ഥലം ഖനനത്തിനായി പാട്ടത്തിന് നൽകിയിട്ടില്ല. സർക്കാർ പാറ ഖനനം ചെയ്യുന്നതിനുള്ള എൻ.ഒ.സി ആണ് നൽകുന്നത്. നെടുമങ്ങാട് താലൂക്കിൽ നിലവിൽ 02.59.73 ഹെക്ടർ പാറപുറമ്പോക്ക് സ്ഥലം ഖനനത്തിനായി എൻ.ഒ.സി. നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>1. ശ്രീ.വിനോദ് ലാൽ M/S മെറ്ററോക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചെറിയകൊണ്ണി.പി.ഒ. അരുവിക്കര (08.07.2013 മുതൽ 08.07.2014 വരെ 00.95.60 ഹെക്ടർ)<br>2. ശ്രീ.സക്കീർ ഹുസൈൻ M/S ട്രാവൻകൂർ ബ്ലൂമെറ്റൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കടമ്പനാട്, ചെറിയകൊണ്ണി.പി.ഒ., അരുവിക്കര. (28.09.2010 മുതൽ 17.05.2020 വരെ 01.64.13 ഹെക്ടർ) |
| (ബി) | ഇതിൽ നിന്നും നാളിതുവരെയുള്ള വരുമാനം എത്ര രൂപയാണ് ; | (ബി) | റോയൽറ്റി ഇനത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 29,72,800/- രൂപ ഈടാക്കിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് താലൂക്കിൽ എത്ര പേർക്ക് പാറഖനനത്തിന് സർക്കാർ വക ഭൂമിയിൽ അനുമതി | (സി) | ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു.<br>1.ശ്രീ.വിനോദ് ലാൽ, M/S മെറ്ററോക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചെറിയകൊണ്ണി.പി.ഒ. അരുവിക്കര |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ട് ; ആർക്കെല്ലാം ; വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | | 2. ശ്രീ.സക്കീർ ഹുസൈൻ, M/s ട്രാവൻകൂർ ബ്ലൂമെറ്റൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കടമ്പനാട്, ചെറിയകൊണ്ണി.പി.ഒ., അരുവിക്കര.<br>3. ശ്രീ.ഇ.കെ.ജോസ്, ഇലവിൻമൂട്, അരുവിക്കര<br>4. ശ്രീമതി.കെ.വിമല, വിമലാ നിവാസ്, പൂവത്തൂർ.പി.ഒ., നെടുമങ്ങാട്.<br>5. ശ്രീമതി.ഗ്രിറ്റി അലക്സ് തോമസ്, എ.എൻ.എസ്.ബിൽഡിംഗ്,പതിനൊന്നാം കല്ല്, നെടുമങ്ങാട്.<br>6. M/s ആരാമം റോക്ക് പ്രൈവറ്റ് ലിമിറ്റഡ് നെല്ലനാട്.പി.ഒ., കീഴായിക്കോണം<br>7. ശ്രീ.ജോസ് കുര്യാക്കോസ്, ലിറ്റിൽ ഫ്ലവർ മൌണ്ട്, നാലാഞ്ചിറ, തിരുവനന്തപുരം. |
| (ഡി) | നെടുമങ്ങാട് താലൂക്കിലെ മാണിക്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തമ്പുരാൻ പാറ തമ്പുരാട്ടി പാറയും മാണിക്കൽ പോത്തൻകോട് പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന വെള്ളാനിക്കൽ പാറമുകളും സംരക്ഷിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | ചരിത്രപ്രധാനവും പ്രകൃതിരമണീയവുമായ ഈ രണ്ട് പാറകളും പൂർണ്ണമായും സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഇ) | അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | നെടുമങ്ങാട് താലൂക്കിൽ പതിനഞ്ച് വർഷം തുടർച്ചയായി പാട്ടത്തിനു നൽകിയ സർക്കാർ വക പാറകളുള്ള ഭൂമി എത്ര പേർക്കാണ് ഉള്ളത്; ആർക്കെല്ലാം; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എഫ്) | പതിനഞ്ച് വർഷം തുടർച്ചയായി അനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ജി) | പത്ത് വർഷങ്ങൾ പൂർത്തിയാക്കിയതും പാറഖനനത്തിനു നൽകിയതുമായ എല്ലാ പാട്ടഭൂമിയുടെയും പാട്ടം റദ്ദ് ചെയ്ത് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.<br><br>സെക്ഷൻ ഓഫീസർ |